2026
July
17
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## മൊബൈൽ ഫോൺ നിർമാണം ശക്തിപ്പെടുത്തൽ ; 62,500 കോടിയുടെ പദ്ധതിക്ക് അംഗീകാരം



**ന്യൂഡൽഹി:** ഇന്ത്യയിലെ ഇലക്ട്രോണിക്സ് നിർമാണ മേഖലയ്ക്ക് ഊർജം പകരാൻ 62,500 കോടി രൂപയുടെ മൊബൈൽ ഫോൺ നിർമ്മാണ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. നേരത്തേയുണ്ടായിരുന്ന 40,000 കോടി രൂപയുടെ മൊബൈൽ ഫോൺ പിഎൽഐ പദ്ധതിയുടെ തുടർച്ചയായാണ് ഈ പുതിയ പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്.

രാജ്യത്തെ മൊബൈൽ ഫോൺ നിർമാണ മേഖലയെ ശക്തിപ്പെടുത്തുക, ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുക, പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുക, കയറ്റുമതി ഉയർത്തുക, കൂടാതെ ഇലക്ട്രോണിക്സ് ശൃംഖലയിലുടനീളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പിഎൽഐ 1.0 പദ്ധതിപ്രകാരം ആകെ വിതരണം ചെയ്ത ആനുകൂല്യം 19,000 രൂപയും ഇതിലൂടെ ആകെ പരിച്ചെടുത്ത നികുതി 25,000 കോടി രൂപയുമാണെന്ന് മന്ത്രി വ്യക്തമാക്കി. 2025 കലണ്ടർ വർഷത്തിൽ ഇന്ത്യയിൽ നിന്ന് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യപ്പെട്ട ഉത്പന്നമായി സ്മാർട്ട്ഫോണുകൾ മാറി. ഐഫോൺ നിർമാതാക്കളായ ആപ്പിൾ മുൻപന്തിയിൽ നിന്ന ഈ മേഖലയിൽ, 2.62 ലക്ഷം കോടി രൂപയുടെ സ്മാർട്ട്ഫോണുകളാണ് രാജ്യം കയറ്റുമതി ചെയ്തത്.

മൊബൈൽ ഫോൺ ഉത്പാദനത്തിന് നൽകിയ ശക്തമായ പിന്തുണയെത്തുടർന്ന്, ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മൊബൈൽ നിർമാതാക്കളായി ഇന്ത്യ ഉയർന്നു വന്നു. രാജ്യത്തെ മൊബൈൽ ഫോൺ ഉത്പാദനം 201920 സാമ്പത്തിക വർഷത്തിലെ 2.14 ലക്ഷം കോടി രൂപയിൽ നിന്ന്, 202425 സാമ്പത്തിക വർഷത്തിൽ ഇരട്ടിയിലധികമായി വർധിച്ച് 5.5 ലക്ഷം കോടി രൂപയിലെത്തി.

മൊബൈൽ ഫോൺ കയറ്റുമതി 201929 സാന്പത്തിക വർഷത്തിലെ 0.27 ലക്ഷം കോടി രൂപയിൽനിന്ന് 202425 സാമ്പത്തികവർഷത്തിൽ എട്ട് മടങ്ങോളം വർധിച്ച് രണ്ടു ലക്ഷം കോടി രൂപയായി ഉയർന്നു.

ഇന്ത്യയിൽ മൊബൈൽ ഫോണുകൾ നിർമിക്കുന്ന കന്പനികൾക്ക് അവയുടെ വിൽപ്പനയെ അടിസ്ഥാനമാക്കി 2.25 ശതമാനം മുതൽ 5 ശതമാനം വരെ ഇൻസെൻറീവ് നൽകും. കൂടാതെ, പ്രധാന ഘടകങ്ങളും അനുബന്ധഘടകങ്ങളും ആഭ്യന്തരമായി വാങ്ങുകയോ നിർമിക്കുകയോ ചെയ്യുന്നവർക്ക് 1.5 ശതമാനം വരെ അധിക ആനുകൂല്യവും, ഇന്ത്യൻ ബ്രാൻഡുകൾ വളർത്തിയെടുക്കുന്നതിനായി ഉത്പന്നത്തിൻറെ ഡിസൈൻ ഗവേഷണം എന്നിവയ്ക്കായി വിൽപ്പനയുടെ മൂന്നു ശതമാനം അധിക ഇൻസെൻറീവും നല്കുമെന്ന് ഐടി മന്ത്രാലയം വ്യക്തമാക്കി.

ഈ പദ്ധതിയിലൂടെ രാജ്യത്തെ ആകെ മൊബൈൽ ഫോൺ ഉത്പാദനം ഏകദേശം 39 ലക്ഷം കോടി രൂപയിലെത്തുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കൂടാതെ, ഏകദേശം 60,000 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ഇത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ സംഭാവന നൽകുമെന്നും കരുതപ്പെടുന്നു.

## യൂറിയ ഉത്പാദനം കൂട്ടാൻ പുതിയ നയം



**ന്യൂഡൽഹി:** രാജ്യത്ത് പുതുതായി ഒരു കോടി ടൺ യൂറിയ വളത്തിന്റെ ആഭ്യന്തര ഉത്പാദനശേഷി സൃഷ്ടിക്കുന്നതിനായി ദേശീയ യൂറിയ നിക്ഷേപ നയത്തിനു കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. യൂറിയ സബ്സിഡി തുടരും. ആഭ്യന്തര ഉത്പാദനം കൂട്ടി സ്വയംപര്യാപത കൈവരിക്കുന്നതിലൂടെ സബ്സിഡിയിനത്തിൽ 9,000 കോടി രൂപ പ്രതിവർഷം ലാഭിക്കാനാകുമെന്നാണു പ്രതീക്ഷ.

ഇന്ത്യയിലെ കർഷകർ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വളമായ യൂറിയയുടെ ഉത്പാദനം കൂട്ടുന്നതിനായി ഒമ്പതു പുതിയ പ്രകൃതിവാതക അധിഷ്ഠിത യൂറിയ നിർമാണ പ്ലാൻറുകൾ സ്ഥാപിക്കുന്നതിനെ കേന്ദ്രം പിന്തുണയ്ക്കും.

കഴിഞ്ഞ പത്തു വർഷത്തിൽ സ്വകാര്യ മേഖലയിലെ നാലെണ്ണം അടക്കം ആറു പുതിയ യൂറിയ പ്ലാൻറുകൾ സ്ഥാപിച്ചിരുന്നു. യൂറിയ ഉത്പാദനത്തിൽ സ്വയംപരാപ്തമാക്കുന്നതാണു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന കേന്ദ്രമന്ത്രിസഭായോഗത്തിൽ അംഗീകരിച്ച പുതിയ നിക്ഷേപ ചട്ടക്കൂടെന്ന് വാർത്താവിതരണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

യൂറിയ ആവശ്യകത പ്രതിവർഷം അഞ്ചു ശതമാനം വർധിക്കുകയാണ്. ഇന്ത്യയിൽ 26.9 ദശലക്ഷം ടൺ യൂറിയ ഉത്പാദനമുണ്ട്. മൊത്തം 40 ദശലക്ഷം ടൺ ആവശ്യമുണ്ട്. 10 ദശലക്ഷം ടണ്ണിന്റെ വിടവ് ഇറക്കുമതിയിലൂടെയാണ് നികത്തുന്നത്.

പ്രകൃതിവാതക അധിഷ്ഠിത യൂറിയ നിർമാണ യൂണിറ്റുകളിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കും. യൂറിയ പ്ലാൻറ് കമ്പനികൾക്ക് 12 മുതൽ 16 ശതമാനം വരെ വരുമാനം (റിട്ടേൺ ഓൺ ഇക്വിറ്റി) ഉറപ്പാക്കും. നിലവിലെ വിനിമയ നിരക്കിനെ അടിസ്ഥാനമാക്കി നാലു വർഷത്തിനുശേഷം സ്ഥിര ചെലവുകൾ രൂപയാക്കി മാറ്റുന്നതിലൂടെ വിദേശനാണ്യ നഷ്ടസാധ്യത (ഫോറെക്സ് റിസ്ക്) ലഘൂകരിക്കാനും നയം വിഭാവന ചെയ്യുന്നു.

ഇന്ത്യയിൽ നിലവിൽ പ്രവർത്തനക്ഷമമായ 33 യൂറിയ നിർമാണ യൂണിറ്റുകളുണ്ട്. അവയുടെ ഉത്പാദനശേഷി 269.42 ലക്ഷം മെട്രിക് ടൺ ആണ്. യൂറിയ മേഖലയുടെ നവീകരണം, വിപുലീകരണം, പുനരുജ്ജീവനം, ബ്രൗൺഫീൽഡ്, ഗ്രീൻഫീൽഡ് പദ്ധതികൾ എന്നിവയ്ക്കായി കേന്ദ്ര വളം വകുപ്പ് 2012ൽ പ്രഖ്യാപിച്ച നിക്ഷേപ നയത്തിന്റെ തുടർച്ചയാണു പുതിയ നയം. നിലവിൽ 45 കിലോ യൂറിയ ചാക്കൊന്നിനു സബ്സിഡിയോടു കൂടി 242 രൂപയാണു രാജ്യത്തെ ചില്ലറ വില്!പന വില.

## ഇന്ത്യയുടെ പുത്തൻ വിമാനത്താവളത്തിൽ നിന്ന് ആദ്യ വിദേശ സർവീസ് അബുദാബിക്ക്; ആഴ്ചയിൽ

**മുംബൈ:** നവിമുംബൈ വിമാനത്താവളത്തിൽ നിന്നു രാജ്യാന്തര സർവീസിനു തുടക്കമായി. ഇന്നലെ പുലർച്ചെ 2.55ന് അബുദാബിയിലേക്കുള്ള എയർ ഇന്ത്യ എക്സ്പ്രസ് വിമാനമാണ് വിദേശത്തേക്ക് ആദ്യം പറന്നുയർന്നത്.




രാവിലെ 10.20ന് അബുദാബിയിൽ നിന്നുള്ള വിമാനം ലാൻഡ് ചെയ്തപ്പോൾ വാട്ടർ സല്യൂട്ട് നൽകിയാണു സ്വീകരിച്ചത്. ആദ്യഘട്ടത്തിൽ അബുദാബിയിലേക്ക് ആഴ്ചയിൽ 3 സർവീസുകളുണ്ടാകും.

കഴിഞ്ഞ ഡിസംബർ! 25നു പ്രവർത്തനം ആരംഭിച്ച വിമാനത്താവളത്തിൽ നിന്നു രാജ്യത്തെ 46 നഗരങ്ങളിലേക്കു സർവീസുണ്ട്. പ്രതിദിനം 150 സർവീസുകളാണുള്ളത്. 4 ടെർമിനലുകളിൽ ആദ്യത്തേതു മാത്രമാണു തുറന്നത്. 2035ൽ പൂർണ സജ്ജമാക്കാനാണ് അദാനി എയർപോർട്ട് ഹോൾഡിങ്സിന്റെ പദ്ധതി. മുംബൈ വിമാനത്താവളത്തിൽ നിന്ന് 40 കിലോമീറ്റർ അകലെയാണു നവിമുംബൈ വിമാനത്താവളം.






## കുസാറ്റ്: റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### ഫിസിക്സ് വകുപ്പ്

എംഎസ്സി ഫിസിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10 മണിക്ക് ഫിസിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2862441


### കമ്പ്യൂട്ടർ സയൻസ് വകുപ്പ്

എം.ടെക് കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ സയൻസ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ്/എം.ടെക് കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ്) എന്ന പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10:30 ക്ക് കമ്പ്യൂട്ടർ സയൻസ് വകുപ്പ് നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2862301

### ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ്

എം.ടെക് (ഒപ്റ്റോഇലക്ട്രോണിക്സ് ആൻഡ് ലേസർ ടെക്നോളജി) പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10 മണിക്ക് ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862411

## ഉത്തരധ്രുവത്തിലേക്കുള്ള ആർട്ടിക് പര്യവേഷണ സംഘത്തിലേക്ക് ഡോ. എസ്. ബിജോയ് നന്ദൻ തിരഞ്ഞെടുക്കപ്പെട്ടു



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ സയൻസസ് ഫാക്കൽറ്റി ഡീനും സി.എസ്.ഐ.ആർ എമിരിറ്റസ് സയന്റിസ്റ്റുമായ പ്രൊഫ. ഡോ. എസ്. ബിജോയ് നന്ദൻ, ഏഴാമത് റോസാറ്റം അന്താരാഷ്ട്ര ആർട്ടിക് പര്യവേഷണ (ഐസ് ബ്രേക്കർ ഓഫ് നോളജ്) സംഘത്തിലേക്ക് അന്താരാഷ്ട്ര വിദഗ്ധനായി തിരഞ്ഞെടുക്കപ്പെട്ടു. 2026 ഓഗസ്റ്റ് 4 മുതൽ 13 വരെയാണ് ഈ അന്താരാഷ്ട്ര പര്യവേഷണം നടക്കുന്നത്. റഷ്യയിലെ മുർമാൻസ്കിൽ നിന്ന് പുറപ്പെടുന്ന സംഘം, 50 ലെറ്റ് പോബെഡി എന്ന ആണവോർജത്തിൽ പ്രവർത്തിക്കുന്ന ഐസ് ബ്രേക്കർ കപ്പലിൽ ഉത്തരധ്രുവത്തിലേക്ക് യാത്ര തിരിക്കും.

ഈ പര്യവേഷണത്തിനിടയിൽ, പ്രമുഖ ശാസ്ത്രജ്ഞർ, ആർട്ടിക് ഗവേഷകർ, ആണവോർജ മേഖലയിലെ വിദഗ്ധർ, ശാസ്ത്ര ആശയവിനിമയക്കാർ എന്നിവരടങ്ങുന്ന അന്താരാഷ്ട്ര സംഘത്തോടൊപ്പം ചേർന്ന് റഷ്യയിൽ നിന്നും മറ്റ് 22 രാജ്യങ്ങളിൽ നിന്നുമുള്ള മികച്ച സ്കൂൾ വിദ്യാർത്ഥികൾക്ക് ഡോ. ബിജോയ് നന്ദൻ മാർഗനിർദ്ദേശം നൽകും. തീവ്രമായ ശാസ്ത്രവിദ്യാഭ്യാസ പരിപാഠികളോടെയാണ് ഈ മെന്റർഷിപ്പ് നടപ്പിലാക്കുന്നത്.

ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ് തുടങ്ങിയ അത്യാധുനിക മേഖലകളിൽ കരിയർ കെട്ടിപ്പടുക്കാൻ പ്രഗത്ഭരായ യുവവിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നതിനായി 2019ൽ റഷ്യൻ സ്റ്റേറ്റ് ആറ്റോമിക് എനർജി കോർപ്പറേഷൻ ആരംഭിച്ച ഒരു മുന്നിര അന്താരാഷ്ട്ര പദ്ധതിയാണ് 'ഐസ് ബ്രേക്കർ ഓഫ് നോളജ്'.

പര്യവേഷണത്തിന്റെ വിദ്യാഭ്യാസ പരിപാഠിയുടെ ഭാഗമായി ഡോ. ബിജോയ് നന്ദൻ മറൈൻപോളാർ സയൻസ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സുസ്ഥിരത, സമുദ്ര സംരക്ഷണം എന്നിവയെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ നടത്തുകയും ഇന്ററാക്ടീവ് വർക്ക്ഷോപ്പുകളിലും ചർച്ചകളിലും നേതൃത്വം നൽകുകയും ചെയ്യും. കൂടാതെ പഠനത്തിന്റെയും ശാസ്ത്രീയ ഇടപെടലുകളുടെയും അടുത്ത തലമുറയിലെ വിദ്യാർത്ഥികൾക്കിടയിൽ നിർണായക ചിന്താശക്തിയും ആഗോള സഹകരണബോധവും പരിസ്ഥിതി ബോധവും വളർത്താൻ അദ്ദേഹം ഈ യാത്രയിലൂടെ ശ്രമിക്കും.

## അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് 15ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷയുടെ കോപ്പിയും, വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ സർട്ടിഫിക്കറ്റുകളുടെ കോപ്പിയും 'രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി 22' എന്ന വിലാസത്തിലേക്ക് ആഗസ്റ്റ് 22ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. അപേക്ഷക്കും, യോഗ്യതയും മറ്റ് വിശദ വിവരങ്ങൾക്കും https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862561, 04842576030.



# പെരിയാർ നദിയിലേക്ക് 7000 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു

**ആലുവ:** പെരിയാർ നദിയുടെ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ആലുവ സെന്റ് സേവ്യേഴ്സ് വിമൻസ് കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ജനസേവ ശിശുഭവൻ, അൻവർ പാലിയേറ്റീവ് കെയർ, കേരള ആക്ഷൻ ഫോഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

പരിപാടി പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്തു. പെരിയാറിന്റെ തീരത്തുള്ള വ്യവസായ കമ്പനികളും മറ്റും വിഷമാലിന്യങ്ങൾ ഒഴുക്കി പെരിയാറിലെ മത്സ്യസമ്പത്ത് നശിപ്പിക്കുന്നതിനാൽ പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് കൊണ്ടാണ് പെരിയാറിന് ഇത്തരത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കേണ്ടി വന്നതെന്ന് അദ്ദേഹം പറഞ്ഞു. 7000 ത്തോളം മത്സ്യക്കുഞ്ഞുങ്ങളെയാണ് പെരിയാറിൽ നിക്ഷേപിച്ചത്. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. മിലൻ ഫ്രാൻസ് അധ്യക്ഷത വഹിച്ചു. കോളേജ് മാനേജർ സിസ്റ്റർ സിസ്ലെറ്റ്, ജോസ് മാവേലി, അഡ്വ. ചാർളി പോൾ, ഡോ. ജോബി തോമസ്, ഡോ. കെ. ലേഖ, ഡോ ഷിരിയ ഫെസ്റ്റസ്, ഡോ. നിനു റോസ്, പി. എം. അലി എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

# ഫയൽ നീക്കം വേഗത്തിലാക്കാൻ ഏകോപിത സംവിധാനം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനുമായി ഡാറ്റ അധിഷ്ഠിത ഗവേണിംഗ് സംവിധാനം നടപ്പാക്കാൻ മന്ത്രിസഭ തീരുമാനിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ സെക്രട്ടറിയേറ്റിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവും ഫയലുകളുടെ കാലതാമസവും മൂലം പദ്ധതികളടക്കം നീണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കുകയാണ് പുതിയ സംവിധാനത്തിന്റെ ലക്ഷ്യം. വിവിധ വകുപ്പുകളിലും മുഖ്യമന്ത്രിയുടെ ഓഫീസിലും ചീഫ് സെക്രട്ടറിയുടെ ഓഫീസിലും ഫയലുകളുടെയും പദ്ധതികളുടെയും നിലവിലെ സ്ഥിതി തത്സമയം വിലയിരുത്താൻ കഴിയുന്ന സംവിധാനം ഒരുക്കും. പ്രോജക്ട് മാപ്പിംഗ്, പ്രോജക്ട് പ്രോട്ടോക്കോൾ എന്നിവ ഉറപ്പാക്കി ഫയൽ നീക്കം വേഗത്തിലാക്കും.

പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനും പദ്ധതിനടത്തിപ്പിലെ കാലതാമസം മൂലമുള്ള സാമ്പത്തിക നഷ്ടം കുറയ്ക്കുന്നതിനും ഇത് സഹായകരമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. 2027ലെ പത്മപുരസ്കാരങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ നാമനിർദേശങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിക്കാനും മന്ത്രിസഭ തീരുമാനിച്ചു. പോലീസ് വാഹനമിടിച്ച് മരിച്ച സ്കൂൾ വിദ്യാർഥി ജുവിൻരാജിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കാനും മന്ത്രിസഭ അംഗീകാരം നൽകി.

കേരള ഹൈസ്പീഡ് റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ (ഉങ്ങഞ്ഞ) സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് വിദഗ്ധ സമിതി പരിശോധിച്ചു. ധനകാര്യം, റെയിൽവേ, പരിസ്ഥിതി എന്നീ മേഖലകളിലെ വിദഗ്ധരും ട്രാൻസ്പോർട്ട് സെക്രട്ടറിയും ഉൾപ്പെട്ട സമിതിയാണ് റിപ്പോർട്ട് പരിശോധിച്ചത്. പദ്ധതിക്കാവശ്യമായ ഭൂമിയുടെ ലഭ്യത, യാത്രക്കാരുടെ സാധ്യത, സാമ്പത്തിക സാധുത എന്നിവ സംബന്ധിച്ച സമഗ്ര വിവരങ്ങൾ നിലവിലെ റിപ്പോർട്ടിലില്ലെന്നും ഇത് പൂർണമായ റിപ്പോർട്ടല്ലെന്നും സമിതി വിലയിരുത്തി. പാരിസ്ഥിതികവും സാമൂഹികവുമായ ആഘാത പഠനങ്ങൾ നടത്താതെ പദ്ധതിയുമായി മുന്നോട്ടുപോകാനാകില്ലെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

കെ റെയിൽ പദ്ധതിയുടെ കാര്യത്തിൽ ഉണ്ടായ പിഴവുകൾ അതിവേഗ റെയിൽ പദ്ധതിയുടെ കാര്യത്തിൽ ആവർത്തിക്കരുതെന്ന് സമിതി മുന്നറിയിപ്പ് നൽകി. പാരിസ്ഥിതികവും സാമൂഹികവുമായ ആഘാത പഠനങ്ങൾ പൂർത്തിയാക്കുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനങ്ങളോ പ്രാരംഭ നിർമാണ പ്രവർത്തനങ്ങളോ ആരംഭിക്കരുതെന്നാണ് ശുപാർശ. കേരളത്തിന്റെ ഭൂപ്രകൃതിക്കും പരിസ്ഥിതിക്കും ആഘാതമുണ്ടാക്കുന്ന ഒരു 'പരിസ്ഥിതി ദുരന്തമായി' പദ്ധതി മാറാൻ അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.നിലവിലെ സാമ്പത്തിക മാതൃക പ്രായോഗികമല്ലെന്നും യാത്രക്കാരെ മാത്രം ആശ്രയിച്ചുള്ള വരുമാന മാതൃക വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി. പദ്ധതിയുടെ വരുമാനവും വായ്പാ തിരിച്ചടവും ഉറപ്പാക്കാൻ ചരക്ക് ഗതാഗത സാധ്യതകളും ഉൾപ്പെടുത്തി സർക്കാർ സ്വതന്ത്രമായ പഠനം നടത്തണം. മുഖ്യമന്ത്രി വ്യക്തമാക്കി.

## എം.ജി സർവകലാശാല

### സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻറ് ടെക്നോളജി വകുപ്പിൽ എം.എസ്.സി ഇൻഡസ്ട്രിയൽ പോളിമർ സയൻസ് കോഴ്സിലേക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിൽ (ജനറൽ, എസ്.സി, എസ്.ടി, കൾച്ചറൽ/സ്പോർട്സ് ക്വാട്ട) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. സയൻസ് വിഷയങ്ങളിലുള്ള ബി.എസ്.സി അല്ലെങ്കിൽ ബി.ടെക് ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ ജൂലൈ 17ന് രാവിലെ 10:30നും 12:30നും ഇടയിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സർവകലാശാല കാമ്പസിലെ കൺവേർജൻസ് അക്കാദമിയ കോംപ്ലക്സിൽ (റൂം നമ്പർ 303) നേരിട്ട് ഹാജരാകണം. വിവരങ്ങൾക്ക്: https://spst.mgu.ac.in, ഫോൺ: 9744278352.

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ വിവിധ പി.ജി. കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 17ന് രാവിലെ 10 മണിക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

എം.എസ്.സി. ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽ സയൻസ് (എനർജി സയൻസ് സ്പെഷ്യലൈസേഷൻ), എം.ടെക് എനർജി സയൻസ് ആൻറ് ടെക്നോളജി എന്നീ കോഴ്സുകൾക്ക് ജനറൽ കാറ്റഗറിയിലും, എസ്.സി അടക്കമുള്ള വിവിധ സംവരണ വിഭാഗങ്ങൾക്കും ഒഴിവുകൾ ഉണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും രേഖകളും സഹിതം സർവകലാശാല കാമ്പസിലെ കോൺവെർജൻസ് അക്കാദമിയ കോംപ്ലക്സിലുള്ള (റൂം നമ്പർ: 302) ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഇമെയിൽsem@mgu.ac.in

### ഗാർഡൻ വർക്കർ ഒഴിവ്

താൽക്കാലിക അടിസ്ഥാനത്തിൽ ഗാർഡൻ വർക്കർ ജോലി ചെയ്യുന്നതിന് താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ദിവസവേതനം 525 രൂപ നിരക്കിൽ 90 ദിവസത്തേക്കാണ് നിയമനം. അപേക്ഷകർക്ക് 21 നും 58 നും മധ്യേ പ്രായമുണ്ടായിരിക്കണം.

വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയും ഐഡൻറിറ്റി പ്രൂഫിന്റെ (ഐ.ഡി/ആധാർ കാർഡ്) പകർപ്പും സഹിതം അസിസ്റ്റൻറ് രജിസ്ട്രാർ ക (ഭരണവിഭാഗം) മുൻപാകെ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ജൂലൈ 22 വരെ സമർപ്പിക്കാം.

### പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എംആർക് (2024 അഡ്മിഷൻ റഗുലർ) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം. സെമസ്റ്റർ എംഎസ് സി ബോട്ടണി (2024 അഡ്മിഷൻ സ്പെഷ്യൽ റീഅപ്പിയറൻസ്) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിസിഎ/ബിഎസ് സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 (സിബിസിഎസ്) (2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഏപ്രിൽ 2026 ൻറെ സോഫ്റ്റ്വെയർ ലാബ് 2 പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ. സെമസ്റ്റർ എംഎ ജെഎംസി (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 20 മുതൽ നടക്കും. ടൈം ടേബിൾവെബ്സൈറ്റിൽ.

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

പത്താം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി (ഓണേഴ്സ്) (2021 അഡ്മിഷൻ റഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി , ബിബിഎ എൽഎൽബി (ഓണേഴ്സ്) 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ജനുവരി 2026 പരിക്ഷയ്ക്ക് ജൂലൈ 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 21 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 22 വരെയും അപേക്ഷ സ്വീകരിക്കും.

### വൈവ വോസി

രണ്ടാം സെമസ്റ്റർ എംഎസ്ഡബ്ല്യൂ (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രോജക്റ്റ്, വൈവ വോസി പരീക്ഷകൾ ജൂലൈ 17 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.




# ഭക്ഷ്യസുരക്ഷയിൽ വിട്ടുവീഴ്ചയില്ല; ശുചിത്വം ഉറപ്പാക്കി സുരക്ഷിത ഭക്ഷണം ഒരുക്കണം: ആരോഗ്യമന്ത്രി

**തിരുവനന്തപുരം:** ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കില്ലെന്നും, വൃത്തിയുള്ള അന്തരീക്ഷത്തിൽ സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷണം തയ്യാറാക്കി ജനങ്ങൾക്ക് നൽകേണ്ടത് ഓരോ ഭക്ഷ്യസംരംഭകന്റെയും ഉത്തരവാദിത്തമാണെന്നും ആരോഗ്യ മന്ത്രി കെ. മുരളീധരൻ പറഞ്ഞു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഭക്ഷ്യസംരംഭകർക്കുള്ള പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും 'യൂത്ത് ഫോർ ഫുഡ് സേഫ്റ്റി' പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും തൈക്കാട് ഭക്ഷ്യസുരക്ഷാ ഭവനിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ യുവജനങ്ങളുടെയും ഭക്ഷ്യസംരംഭകരുടെയും പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കണം. വൃത്തിഹീനമായ ഭക്ഷണശാലകളും ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങളും പൊതുജനാരോഗ്യത്തിന് ഭീഷണിയാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ശുചിത്വക്കുറവും മലിനജല ഉപയോഗവും പാചകരീതികളിലെ അപാകതകളും ഷിഗെല്ല പോലുള്ള രോഗങ്ങൾ പടരാൻ കാരണമാകുന്നുണ്ട്. കുടിവെള്ളം തിളപ്പിച്ചശേഷം മാത്രം നൽകുന്ന രീതി ഉൾപ്പെടെയുള്ള ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം.

എറണാകുളത്ത് മന്തി ബിരിയാണി കഴിച്ചതിനെ തുടർന്ന് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഗൗരവമായി കാണുമെന്നും നിയമലംഘനങ്ങൾ കണ്ടെത്തുന്ന സ്ഥാപനങ്ങളിൽ പരിശോധനയും തുടർനടപടികളും ശക്തമാക്കുകയും ചെയ്യും. ഹോട്ടലുകളിലും ഭക്ഷ്യസ്ഥാപനങ്ങളിലും പരിശോധനകൾ കൂടുതൽ വ്യാപിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

തട്ടുകടകൾ മുതൽ സ്റ്റാർഹോട്ടലുകൾ വരെയുള്ള എല്ലാ ഭക്ഷ്യശാലകളും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം. ഓണക്കാലത്ത് കാറ്ററിങ് സ്ഥാപനങ്ങളും ഓണസദ്യ തയ്യാറാക്കുന്നവരും ഭക്ഷണം പാക്ക് ചെയ്യുമ്പോഴും വിതരണം ചെയ്യുമ്പോഴും മാലിന്യം കലരാതെയും ശുചിത്വം ഉറപ്പാക്കിയും പ്രവർത്തിക്കണം. മോശം ഗുണനിലവാരമുള്ള മത്സ്യവും മാംസവും ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം ആരോഗ്യത്തിന് ഗുരുതരമായ ദോഷം ചെയ്യുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ സൗഹൃദപരമായ സമീപനമാണ് സ്വീകരിക്കുന്നതെന്നും, നിയമം പാലിക്കുന്ന സംരംഭകർക്ക് എല്ലാ പിന്തുണയും നൽകുകയും ചെയ്യും. ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ അടിസ്ഥാനത്തിൽ മുഴുവൻ ഭക്ഷ്യശാലകളെയും മോശമായി ചിത്രീകരിക്കരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കോർപ്പറേഷൻ കൗൺസിലർ സൂര്യ വി. എസ്. അധ്യക്ഷത വഹിച്ചു. ഭക്ഷ്യസുരക്ഷാ വകുപ്പ് കമ്മിഷണർ ശ്രീധന്യ സുരേഷ് സ്വാഗതം ആശംസിച്ചു. ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ അജി എസ് ആശംസകളർപ്പിച്ചു. ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ് (പി.എഫ്.എ) വൃന്ദ എസ്. നന്ദി രേഖപ്പെടുത്തി. ചടങ്ങിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ ഭക്ഷ്യസംരംഭകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു. പരിശീലന പരിപാടിയുടെ ലോഗോയും യൂത്ത് ഫോർ ഫുഡ് സേഫ്റ്റിയുടെ പോസ്റ്റർ പ്രകാശനവും മന്ത്രി ചടങ്ങിൽ നിർവഹിച്ചു.

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിങ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യ ഉൽപ്പാദനവിതരണ മേഖലകളിലെ പ്രവർത്തനങ്ങൾ ഗണ്യമായി വർധിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനും പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനുമായാണ് സംസ്ഥാനവ്യാപകമായി 'ഈറ്റ് റൈറ്റ് കേരളം സേഫ് ഓണം 2026' ബോധവത്കരണപരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ജങ്ക് ഫുഡുകളുടെ അമിതോപയോഗം ഉൾപ്പെടെയുള്ള അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ യുവജനങ്ങൾക്കിടയിൽ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യകരമായ ഭക്ഷണരീതികളെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തുന്നതിനായി വിവിധ മേഖലകളിൽ പരിശീലനം നേടിയ യുവജനങ്ങളെ ഉൾപ്പെടുത്തിയാണ് 'യൂത്ത് ഫോർ ഫുഡ് സേഫ്റ്റി' എന്ന പേരിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സന്നദ്ധസേന രൂപീകരിച്ചിട്ടുള്ളത്.

# ബ്രഹ്മശ്രീ ഡോ. സച്ചിദാനന്ദ സ്വാമിക്ക് ശ്രീനാരായണ ഗുരുരത്നം അവാർഡ് സമ്മാനിക്കും

**വർക്കല:** ശിവഗിരി മഠം പ്രസിഡന്റ് ആചാര്യശ്രീ ഡോ. സച്ചിദാനന്ദ സ്വാമിക്ക് ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന ശ്രീനാരായണഗുരു ഗ്ലോബൽ കോൺഫെഡറേഷൻ (എൻ.ജി.സി) എന്ന ഇൻ്റർനാഷണൽ ട്രസ്റ്റിന്റെ ദേശീയ അവാർഡ് 'ശ്രീനാരായണ ഗുരുരത്നം അവാർഡ്' ജൂലൈ 18 ശനിയാഴ്ച രാവിലെ 10 ശിവഗിരിയിൽ നടക്കുന്ന മഹാസമ്മേളനത്തിൽ വച്ച് മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ എം.എൽ.എ സമ്മാനിക്കും.

സച്ചിദാനന്ദ സ്വാമിജിയുടെ ശിവഗിരി മഠത്തിൽ പ്രവർത്തനം നടത്തിയതിന്റെ അമ്പതാം വാർഷിക ദിനമായ ജൂലൈ 18ന് ശിവഗിരിയിൽ നടക്കുന്ന കനക ജൂബിലി സമ്മേളനം മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം ചെയ്യും. ജോയി എം.എൽ.എ അദ്ധ്യക്ഷത വഹിക്കും.

ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ , മുൻ ജനറൽ സെക്രട്ടറി സ്വാമി ഋതംഭരാനന്ദ , ഗുരുധർമ്മ പ്രചരണ സഭ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി , സ്വാമി വിശാലാനന്ദ, സ്വാമി അവ്യയാനന്ദ, സ്വാമി വിരജാനന്ദഗിരി (ജയന്തി സെക്രട്ടറി) , സ്വാമി സാന്ദ്രാനന്ദ (അരുവിപ്പുറം) എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തും. ശ്രീനാരായണഗുരു ഗ്ലോബൽ കോൺഫെഡറേഷൻ ചെയർമാൻ എസ്. സുവർണ്ണകുമാർ, വർക്കിംഗ് ചെയർമാൻ പി. എസ്. ബാബുറാം, സീനിയർ വൈസ് ചെയർമാൻ പ്രസന്നൻ വൈഷ്ണവ് , വൈസ് ചെയർമാൻ കെ.എ. ബാഹുലേയൻ , സെക്രട്ടറി അജിതാ സദാനന്ദൻ, ട്രഷറർ എസ്. സന്തോഷ് കുമാർ, അഡ്വ. അനിൽകുമാർ വർക്കല, കെ. ടി. സുകുമാരൻ (ഗുരുധർമ്മ പ്രചരണ സഭ) തുടങ്ങിയവർ ആശംസ പ്രസംഗം നടത്തും. രാവിലെ ശാന്തിഹവനയജ്ഞം, മഹാഗുരുപൂജ, 9 മണിക്ക് മഹാസമാധി സന്നിധിയിൽ വിശേഷാൽ ഗുരുപൂജ എന്നിവ ഉണ്ടാകും.

## മുട്ടയ്ക്കു വിലയേറി: നാടൻ കോഴി വളർത്തൽ വ്യാപകമാക്കി വീട്ടമ്മമാർ

**കോഴഞ്ചേരി:** ഗ്രാമീണ മേഖലയിലെ വീട്ടമ്മമാർ നാടൻ കോഴി വളർത്തൽ രംഗത്തേക്ക്. മുട്ടയുടെ വില പൊതു വിപണിയിൽ കുതിച്ചുയർന്നതിനേത്തുടർന്നാണ് നാടൻ മുട്ടകൾ വിൽക്കുന്നതിന് വനിതകൾ തയാറായിരിക്കുന്നത്. പൊതുവിപണിയിൽ ഒരു മാസത്തിനു മുമ്പ് ആറു മുതൽ ഏഴുവരെ വിലയുണ്ടായിരുന്ന കോഴിമുട്ടയ്ക്ക് ഇപ്പോൾ ചില്ലറ വിപണിയിൽ എട്ടു മുതൽ 8.50 രൂപ വരെയാണ് വില.

എട്ട് രൂപ നിരക്കിൽ മുട്ടകൾ നൽകുമ്പോൾ ഒന്നിച്ചെടുക്കുന്നവർക്ക് 7.40 രൂപയാണ് വാങ്ങാറുള്ളതെന്ന് കോഴഞ്ചേരിയിലെ മുട്ട വിതരണ രംഗത്തുള്ള വ്യാപാരികൾ പറഞ്ഞു. തമിഴ്നാട്ടിൽ 5.70 രൂപ ഉണ്ടായിരുന്ന മുട്ടയ്ക്ക് ഇപ്പോഴത്തെ വില 6.75 മുതൽ ഏഴ് രൂപ വരെയാണ്. മുട്ടകൾക്ക് ഏറെ വിപണിയുള്ള തമിഴ്നാട്ടിലെ നാമക്കല്ലിൽ നിന്നുള്ള മുട്ട വരവ് കുറഞ്ഞതാണ് വില കൂടാൻ കാരണമായിരിക്കുന്നതെന്ന് വ്യാപാരികൾ പറഞ്ഞു.

ഈ സാഹചര്യത്തിലാണ് ഗ്രാമീണ മേഖലയിലെ വനിതകൾ കൂട്ടായും ഒന്നിച്ചും വ്യക്തിപരമായും നാടൻ കോഴികളെ വളർത്തുന്നതു വ്യാപകമാക്കിയത്. കോഴഞ്ചേരി, പുല്ലാട്, ആറന്മുള പ്രദേശങ്ങളിലെ നാടൻകോഴി മുട്ടയ്ക്ക് 10 രൂപയാണ് ഇപ്പോഴത്തെ വില. പൊതു മാർക്കറ്റിലെ വ്യാപാര സ്ഥാപനങ്ങളിൽ നാടൻ കോഴിമുട്ടയെന്ന് പറഞ്ഞു വിൽക്കുന്നത് പലതും ചായം തേച്ച തമിഴ്നാട്ടിലെ മുട്ടകളാണെന്ന് നാട്ടുകാർ പറയുന്നു.

ബേക്കറികളിലും മുട്ട ഉത്പന്നങ്ങൾക്കു വില കൂട്ടിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഗ്രാമീണ മേഖലയിൽ നാടൻ കോഴികളെ വളർത്തുന്നതിനും അതിലൂടെ വീട്ടമ്മമാർക്ക് വരുമാന മാർഗം ഉണ്ടാക്കുന്ന നടപടികൾ ത്രിതല പഞ്ചായത്തുകളും സർക്കാരും ആവിഷ്കരിക്കണമെന്നും കുടുംബശ്രീ രംഗത്തുള്ള വനിതകൾ പറയുന്നു.

രണ്ട് ലക്ഷത്തിലധികം കോഴിമുട്ടയാണ് സംസ്ഥാനത്തേക്ക് തമിഴ്നാട്ടിൽ നിന്നും കയറ്റി അയയ്ക്കുന്നതെന്ന് മുട്ട വ്യാപാരികളുടെ കോഓർഡിനേഷൻ കമ്മിറ്റി പറയുന്നു. കഴിഞ്ഞ വർഷം 5.80 രൂപയായിരുന്നു നാമക്കല്ലിലെ മുട്ട വില. അത് ക്രമാതീതമായി ഉയർന്നതാണ് കേരളത്തിലും മുട്ടവില വർധിക്കാൻ കാരണമായിരിക്കുന്നത്.

## കാർഷിക യന്ത്രവത്കരണ ഉപപദ്ധതിയിലേക്ക് ഓൺലൈനായി അപേക്ഷിക്കാം

**പാലക്കാട്:** സംസ്ഥാനത്തെ കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമവും വർധിച്ചുവരുന്ന തൊഴിൽച്ചെലവും പരിഹരിക്കുന്നതിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷിക യന്ത്രവത്കരണ ഉപപദ്ധതി (എസ്എം എഎം) പ്രകാരമുള്ള സാമ്പത്തിക സഹായത്തിന് അപേക്ഷകൾ ക്ഷണിച്ചു. 202627 സാമ്പത്തിക വർഷത്തിൽ കസ്റ്റം ഹയറിംഗ് സെൻറർ, ഫാം മെഷീനറി ബാങ്ക് എന്നീ ഘടകങ്ങളിലേക്ക് കേന്ദ്ര സർക്കാരിൻറെ ഔദ്യോഗിക പോർട്ടലിൽ ഓൺലൈനായി അപേക്ഷിക്കാം.

കർഷകർക്ക് ആവശ്യാനുസരണം കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നതിനായി കസ്റ്റം ഹയറിംഗ് സെൻററുകളും യന്ത്രവത്കരണതോത് കുറവുള്ള പ്രദേശങ്ങളിൽ സാമൂഹികാടിസ്ഥാനത്തിൽ ഉയർന്നമൂല്യമുള്ള കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി ഫാം മെഷീനറി ബാങ്കുകളും സ്ഥാപിക്കുന്നതിനാണ് സാമ്പത്തിക സഹായം നൽകുന്നത്. കർഷക ഗ്രൂപ്പുകൾ, കർഷക ഉൽപ്പാദക സംഘടനകൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കസ്റ്റം ഹയറിംഗ് സെൻറർ സ്ഥാപിക്കുന്നതിന് പദ്ധതി ചെലവിന്റെ 40 ശതമാനം വരെ ധനസഹായവും, അർഹരായ കർഷക ഗ്രൂപ്പുകൾക്ക് ഫാം മെഷീനറി ബാങ്ക് സ്ഥാപിക്കുന്നതിന് പദ്ധതി ചെലവിന്റെ 80 ശതമാനം (പരമാവധി 24 ലക്ഷം രൂപ) വരെയും ധനസഹായം അനുവദിക്കും. കൂടാതെ വനാവകാശ നിയമപ്രകാരമുള്ള അർഹരായ ഗുണഭോക്താക്കൾക്ക് ഈ രണ്ട് വിഭാഗങ്ങളിലും 90 ശതമാനം വരെ ധനസഹായം ലഭിക്കും.

ഫാം മെഷീനറി ബാങ്ക് പദ്ധതികൾ 10 ലക്ഷം രൂപ വരെ, 10 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ, 20 ലക്ഷം മുതൽ 30 ലക്ഷം രൂപ വരെ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് നടപ്പാക്കുന്നത്. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പദ്ധതികളിൽ ട്രാക്ടറുകൾ, കൊയ്ത്ത്മെതിയന്ത്രങ്ങൾ,കാർഷിക ഡ്രോണുകൾ, മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിനുള്ള യന്ത്രങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകും. എന്നാൽ വ്യക്തിഗത സബ്സിഡിക്ക് അർഹമായ യന്ത്രങ്ങൾ സാധാരണയായി പദ്ധതിയിൽ ഉൾപ്പെടുത്തില്ല.

ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സമയത്ത് ഓൺലൈൻ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്ത രേഖകളുടെ അസലും ആവശ്യമായ മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കണം. ജില്ലയിലെ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സഹായങ്ങൾക്കുമായി മലമ്പുഴയിലുള്ള അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ (കൃഷി) ഓഫീസുമായോ ജില്ലയിലെ മറ്റ് കൃഷി ഓഫീസുകളുമായോ സമീപത്തെ കൃഷിഭവനുകളുമായോ ബന്ധപ്പെടാം. ഫോൺ: 9562200882, 9495135808, 7012854102, 9400871570, 9383471479.



# കുതിച്ചുയർന്ന് പച്ചക്കറി വില

**കൊല്ലം:** തമിഴ്നാട്ടിലെ മഴയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ പലയിനം പച്ചക്കറികൾക്കും ഈയാഴ്ചയും വില വർധിപ്പിച്ചു. കർക്കിടകം ആരംഭിക്കുന്നതോടെ തമിഴ് നാട്ടിലും കേരളത്തിലും പച്ചക്കറി ഉപയോഗം നേരിയ തോതിൽ വർധിക്കും. ഈ സാഹചര്യം കൂടി മുതലെടുത്താണ് പച്ചക്കറി വില ഉയർത്തിയത്.

ഒരു കിലോ ബീൻസിന് 25 രൂപയാണ് വർധിപ്പിച്ചത്. കഴിഞ്ഞയാഴ്ച 80 രൂപ ഉണ്ടായിരുന്നു വില. ഈയാഴ്ച 105 ആയി. ചേമ്പിന് കിലോക്ക് 30 രൂപ കൂട്ടി. 70 രൂപയിൽ നിന്ന് 100 രൂപയായിട്ടാണ് വില കൂട്ടിയത്. ചേമ്പ് വരവ് കുറയുകയും ചെയ്തു. കേരളത്തിൽ ചേമ്പിന്റെ വിളവെടുപ്പ് കാലമല്ല, തമിഴ്നാട്, കർണാട സംസ്ഥാനങ്ങളിൽ നിന്നാണ് ചേമ്പ് എത്തുന്നത്.

തക്കാളി വില 35 ൽ നിന്ന് 48 രൂപയായി കുതിച്ചു. സവാള വില രണ്ടാഴ്ച മുമ്പ് 25 രൂപയിൽ നിന്ന് 38 രൂപയായും ഈയാഴ്ച 40 രൂപയായും വർധിച്ചു. 35 രൂപയുണ്ടായിരുന്ന തക്കാളിക്ക് 48 രൂപയായി. ഉരുളകിഴക്ക് 34 ൽ നിന്ന് 38 രൂപയായി വർധിപ്പിച്ചു.

അമര വില 40 ൽ നിന്ന് 48 രൂപയായി. മുരിങ്ങക്കായ വില 70 ൽ നിന്ന് 80 രൂപയായി. മാങ്ങ വില 40 ൽ നിന്ന് 45 രൂപയായി. മാങ്ങാ സീസൺ അവസാനിക്കുകയാണ്. അതേസമയം ചിലയിനങ്ങൾക്കും വില കുറഞ്ഞിട്ടുണ്ട്. ബീറ്റ് റൂട്ട് വില 50 ൽ നിന്ന് 45 രൂപയായും കാരറ്റ് വില 88 ൽ നിന്ന് 80 രൂപയായും കാബേജ് വില 65 ൽ നിന്ന് 48 ആയും പയറിന് 70 ൽ നിന്ന് 60 ആയും കുറഞ്ഞു.

കോളിഫ്ളവർ വില 70 രൂപയിലും ഉള്ളിക്ക് 70 രൂപയിലും ചേന വില 40 രൂപയിലും തുടരുന്നു. നാരങ്ങ വില കുറഞ്ഞിട്ടുണ്ട്. വലിയ നാരങ്ങക്ക് 70 ഉം ചെറുതിന് 50 രൂപയുമാണ് വില.

കേരളത്തിലേക്ക് പച്ചക്കറി എത്തിക്കുന്ന മേഖലകളിൽ കഴിഞ്ഞയാഴ്ച നല്ലതോതിൽ മഴ പെയ്തത് പച്ചക്കറി വില കൂട്ടാനിടയാക്കി. കനത്ത മഴയിൽ പച്ചക്കറി വിളവെടുക്കാൻ കഴിയാത്തതും അഴുകിപ്പോയതും കാരണം വരവ് കുറഞ്ഞു. ചേമ്പ് വിളവെടുക്കാൻ കഴിയാതിരുന്നതാണ് വില കൂട്ടാൻ ഇടയാക്കിയത്.

പശ്ചിമേഷ്യൻ മേഖലയിലെ പ്രതിസന്ധിയെ തുടർന്ന് ഇന്ധന വില വർധിച്ചതിനാൽ വളം വിലയും പച്ചക്കറി കടത്തുകൂലിയും വർധിച്ചതും പച്ചക്കറി വില കൂട്ടാനിടയാക്കി.

കേരളത്തിൽ മഴ കുറഞ്ഞത് തമിഴ്നാട്ടിൽ പുതിയ പ്രതിസന്ധിയുണ്ടാക്കുകയാണ്. മുല്ലപ്പെരിയാറിൽ നിന്ന് വെള്ളം എത്തിച്ച് അഞ്ചു ജില്ലകളിലാണ് തമിഴ്നാട് കൃഷിയിറക്കുന്നത്. കമ്പം മുതൽ തിരുച്ചിറപ്പള്ളി വരെയാണ് മുല്ലപ്പെരിയാർ വെള്ളം കനാൽ നിർമിച്ച് കൊണ്ടുപോകുന്നത്. ഡാമുകൾ വറ്റിയതോടെ പല ജില്ലകളിലും പച്ചക്കറി കൃഷിയെ പ്രതികൂലമായി ബാധിക്കും.

# ആറന്മുള കരകൾ ആവേശത്തിലേക്ക്; പള്ളിയോടങ്ങൾ നീരണിഞ്ഞു തുടങ്ങി

**ആറന്മുള:** വള്ളസദ്യകൾ ആരംഭിക്കാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ പള്ളിയോടങ്ങളെ വരവേറ്റ് പമ്പാനദി. വിവിധ കരകളുടെ പള്ളിയോടങ്ങൾ പമ്പാനദിയിലേക്ക് നീരണിഞ്ഞു തുടങ്ങി. 2025ലെ ഉത്രട്ടാതി ജലമേളയും വള്ളസദ്യകളും കഴിഞ്ഞ് ഒക്ടോബർ മാസത്തോടെ മാലിപ്പുരയിലേക്ക് കയറ്റിയ പള്ളിയോടങ്ങൾ അറ്റകുറ്റപ്പണികളടക്കം നടത്തി പൂർണസജ്ജമായി നീരണിയുകയാണ്.

19ന് ആരംഭിക്കുന്ന വള്ളസദ്യ കാലം രണ്ടര മാസത്തോളം നീളും. ഇതിനിടെ പമ്പയുടെ വിവിധ ഭാഗങ്ങളിലായി വള്ളംകളികൾ ഉണ്ടാകും. തിരുവോണത്തോണി യാത്ര, ഉത്രട്ടാതി ജലമേള ഇവയെല്ലാം പള്ളിയോടങ്ങളുടെ ഉത്സവദിനങ്ങളാണ്. കരക്കാർക്കും തുഴച്ചിൽകാർക്കും ഇനി വിശ്രമമില്ലാത്ത ദിനങ്ങളാണ്.

52 പള്ളിയോടങ്ങളാണ് ആറന്മുള കരകളിലുള്ളത്. കിഴക്ക് ഇടക്കുളം മുതൽ പടിഞ്ഞാറ് ചെന്നിത്തല വരെ നീളുന്നതാണ് ഈ കരകൾ. 53ാമത്തെ പള്ളിയോടമായി മൂക്കന്നൂർ കരയ്ക്ക് അനുമതിയും നൽകിയിട്ടുണ്ട്. സീസൺ കഴിയുന്നതോടെ മീനെണ്ണ പുരട്ടി മാലിപ്പുരയിലേക്ക് കയറ്റുന്ന പള്ളിയോടങ്ങൾ പിന്നീട് വീണ്ടും വെള്ളത്തിലേക്ക് ഇറക്കുന്പോൾ എണ്ണ ചുരണ്ടി മാറ്റും. ഇതിനൊപ്പം ഗ്രീസും പുരട്ടി ആവശ്യമായ പണികളും നടത്തി നീരണിയുന്പോഴേക്കും 1.5 ലക്ഷത്തിലധികം രൂപ ചെലവാകും.

നവീകരണം വേണ്ടിവരുന്ന പള്ളിയോടങ്ങൾക്ക് ചെലവ് പിന്നെയുമേറും. ഞായറാഴ്ച മുതലുള്ള വള്ളസദ്യകൾക്കായി പള്ളിയോടങ്ങളുടെ ബുക്കിംഗ് ഏറെക്കുറെയായി. സമീപ പ്രദേശങ്ങളിലെ പള്ളിയോട കരകളെയാണ് കൂടുതലായി വഴിപാട് സദ്യക്കു ക്ഷണിച്ചിരിക്കുന്നത്. ആചാര പരമായ ചടങ്ങ് പൂർത്തീകരിക്കാൻ ബുക്കിംഗ് വിവരങ്ങൾ കരക്കാരെ നേരത്തേതന്നെ അറിയിക്കും. ഇതനുസരിച്ച് തങ്ങളുടെ പള്ളിയോടങ്ങളുടെ ബുക്കിംഗ് തീയതികൾ കരക്കാർ പരസ്യമായി പ്രദർശിപ്പിക്കുകയും ചെയ്യും.

ആറന്മുള ഉത്രട്ടാതി ജലമേളയുടെ ആതിഥേയ കരയുടെ സ്വന്തം പള്ളിയോടമാണ് ഇടശേരിമല. പുതുക്കിപ്പണിത പള്ളിയോടം 19ന് നീരണിയും. പള്ളിയോടത്തിൻറെ അവസാന മിനുക്കുപണികളും പൂർത്തിയാക്കി മഞ്ഞളും എണ്ണയും പുശാനുള്ള തിരക്കിലാണ് കരക്കാർ.

ആറന്മുള ക്ഷേത്രത്തിൻറെ പടിഞ്ഞാറേ നടയിൽ നിന്ന് മുക്കാൽ കിലോമീറ്റർ മാറി നിലകൊള്ളുന്ന കടക്കൽ ദേവീക്ഷേത്തിനു മുന്നിലുള്ള തുണ്ടിയിൽ പുരയിടത്തിലെ മാലിപ്പുരയിലാണ് പള്ളിയോടം സജ്ജമാകുന്നത്. പള്ളിയോടം കാണാൻ പ്രദേശവാസികൾക്കു പുറമേ സമീപ കരകളിൽ നിന്നും നിരവധി പേർ എത്തുന്നുണ്ട്. കെട്ടിലും മട്ടിലുമുള്ള പ്രൗഢി തന്നെയാണ് പള്ളിയോടത്തിൻറെ സവിശേഷത.

അറ്റകുറ്റപ്പണികളാണ് നടന്നതെങ്കിലും ഒറ്റനോട്ടത്തിൽ പുത്തൻ പള്ളിയോടത്തിൻറെ പ്രൗഢിയുണ്ട്. 18 അടി ഉയരം വരുന്ന വളച്ചുകെട്ടി അമരമാണ് പള്ളിയോടത്തിൻറെ തലയെടുപ്പ്. കാറ്റുമയിൽ ശില്പ സൗന്ദര്യം എടുത്തുകാട്ടുന്ന വ്യാളി രൂപം. അണിയത്തും ശില്പകലയുടെ വൈഭവവും പ്രകടം.

ആറന്മുള ക്ഷേത്രം കുടികൊള്ളുന്ന കരയിൽ അനാദികാലം മുതൽ പള്ളിയോടം ഉണ്ടായിരുന്നതായാണ് വിശ്വാസം. ക്ഷേത്രത്തിന് കിഴക്കേ നടയിൽ ആറന്മുള വള്ളം കളിയുടെ ഫിനിഷിംഗ് പോയിൻറായ സത്രകടവിൽ തന്നെയാണ് പള്ളിയോടപ്പുര. ഉത്രട്ടാതി ജലമേളയ്ക്ക് ആതിഥ്യമരുളുന്ന കരയെന്ന കീർത്തിയും ഇടശേരിമലയ്ക്കുണ്ട്.

ഇടശേരിമല 234 ാം നമ്പർ എൻഎസ്എസ് കരയഗത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് പള്ളിയോടം. 19നു രാവിലെ 11 നും 11.30 നും മധ്യേ കേന്ദ്രമന്ത്രി സുരേഷ് ഗോപി നീരണിയൽ ചടങ്ങ് നിർവഹിക്കും. ചെങ്ങന്നൂർ എൻഎസ്എസ് താലൂക്ക് യൂണിയൻ പ്രസിഡൻറ് പി. എൻ. സുകുമാര പണിക്കർ അധ്യക്ഷത വഹിക്കും. മന്ത്രി കെ. മുരളീധരൻ യോഗം ഉദ്ഘാടനം ചെയ്യും.



## ഭവന വായ്പകൾ: എസ്ഐബിയും മുത്തൂറ്റ് എംക്രെഡും കരാറിൽ

**കൊച്ചി:** കുറഞ്ഞ ചെലവിൽ ഭവന വായ്പകൾ ലഭ്യമാക്കുന്നതിനായി പ്രമുഖ സ്വകാര്യമേഖലാ ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്കും മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡും തമ്മിൽ ബിസിനസ് പങ്കാളിത്തം.

സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പി.ആർ ശേഷാദ്രി, മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് എന്നിവർ പങ്കാളിത്ത കരാർ കൈമാറി.

കരാർ പ്രകാരം, വിവിധ പ്രദേശങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട മുത്തൂറ്റ് എംക്രെഡ് ശാഖകൾ വഴി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഭവനവായ്പകൾ യോഗ്യരായ ഉപഭോക്താക്കൾക്ക് ലഭ്യമാക്കും. ഇത് സാധാരണക്കാർക്ക് വലിയ തോതിൽ ഭവനവായ്പ എളുപ്പത്തിൽ ലഭിക്കാൻ വഴിയൊരുക്കുമെന്ന് അധികൃതർ പറഞ്ഞു.



## അച്ചായൻസ് ഗോൾഡിന്റെ പുതിയ ശാഖ പിറവത്ത്

**പിറവം:** അച്ചായൻസ് ഗോൾഡൻറെ 47ാമത് ശാഖ പിറവം മുള്ളൂർപ്പടി കാലാപ്പറമ്പത്ത് ബിൽഡിംഗിൽ പ്രവർത്തനമാരംഭിച്ചു.

അച്ചായൻസ് ഗോൾഡ് സിഇഒയും മാനേജിംഗ് ഡയറക്ടറുമായ ടോണി വർക്കിച്ചനും ജനറൽ മാനേജർ ഷിനിൽ കുര്യനും ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു.

916 സ്വർണം വിൽക്കുമ്പോൾ തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില ലഭിക്കാനും ബാങ്കിൽ പണയത്തിലുള്ള സ്വർണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കാനും വിശ്വാസ്യതയാർന്ന സേവനങ്ങൾ അച്ചായൻസ് ഗോൾഡ് ഉപഭോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നു. വിദേശപഠനം, തൊഴിൽ തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണം വിൽക്കുമ്പോൾ ബ്രാൻഡഡ് ട്രോളി ബാഗ് സമ്മാനമായി ലഭിക്കാനുള്ള അവസരവും പ്രത്യേക എൻആർഐ സേവനങ്ങളും ഉപഭോക്താക്കൾക്ക് ഇവിടെ ലഭ്യമാണ്.

## എം.എ.യൂസഫലിക്ക് കുവൈത്തിന്റെ ഗോൾഡൻ വീസ

**കുവൈത്ത് സിറ്റി:** വിദേശ വ്യവസായികൾക്കും നിക്ഷേപകർക്കും ദീർഘകാലത്തേക്കു താമസാനുമതി നൽകുന്നതിനു കുവൈത്ത് ആരംഭിച്ച ഗോൾഡൻ റസിഡൻസി പദ്ധതിയുടെ ഭാഗമായ ആദ്യ ഗോൾഡൻ വീസ മലയാളി വ്യവസായിയും ലുലു ഗ്രൂപ്പ് ചെയർമാനുമായ എം.എ.യൂസഫലിക്കു ലഭിച്ചു. 15 വർഷമാണു റസിഡൻസി കാലാവധി. രാജ്യത്തേക്കു കൂടുതൽ വ്യവസായങ്ങളും നിക്ഷേപ പദ്ധതികളും ആകർഷിക്കുന്നതിന്റെ ഭാഗമായാണ് യുഎഇയുടെ മാതൃകയിൽ കുവൈത്ത് ഗോൾഡൻ വീസ പദ്ധതി പ്രഖ്യാപിച്ചത്. ബയാൻ കൊട്ടാരത്തിലെ ചടങ്ങിൽ കുവൈത്ത് ഒന്നാം ഉപപ്രധാന മന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ഷെയ്ഖ് ഫഹദ് യൂസഫ് സൗദ് അൽ സബാഹ് നേരിട്ടാണു വീസ കൈമാറിയത്.

ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി കുവൈത്ത് ഒന്നാം ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ഷെയ്ഖ് ഫഹദ് യൂസഫ് സൗദ് അൽ സബാഹിൽ നിന്ന് കുവൈത്തിന്റെ ആദ്യത്തെ ഗോൾഡൻ വീസ സ്വീകരിക്കുന്നു. ചിത്രം: സ്പെഷൽ അറേഞ്ച്മെന്റ്

ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി കുവൈത്ത് ഒന്നാം ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ഷെയ്ഖ് ഫഹദ് യൂസഫ് സൗദ് അൽ സബാഹിൽ നിന്ന് കുവൈത്തിന്റെ ആദ്യത്തെ ഗോൾഡൻ വീസ സ്വീകരിക്കുന്നു.

### വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർ വിപ്ലവം

# ‘ഇൻറോഡ്’ പദ്ധതിയിലൂടെ അഞ്ച് വർഷത്തിനിടെ 1.80 ലക്ഷം ഹെക്ടറിൽ റബ്ബർ കൃഷി പൂർത്തിയായി

**കൊച്ചി:** വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിനായി നടപ്പിലാക്കിയ 'ഇൻറോഡ്' (ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻസ് ഫോർ അസിസ്റ്റഡ് ഡെവലപ്മെൻറ്) പദ്ധതിയിലൂടെ അഞ്ച് വർഷത്തിനിടെ 1.79,376 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക റബ്ബർ തോട്ടങ്ങൾ വിജയകരമായി വച്ചുപിടിപ്പിച്ചു. രാജ്യത്തിൻറെ ചരിത്രത്തിൽ ഇത്രയും ചുരുങ്ങിയ കാലയളവിനുള്ളിൽ നടക്കുന്ന ഏറ്റവും വലിയ റബ്ബർ കൃഷി വ്യാപനമാണിത്. കോവിഡ് പ്രതിസന്ധികൾ ഉൾപ്പെടെയുള്ള വെല്ലുവിളികളെ അതിജീവിച്ച്, ലക്ഷ്യമിട്ടിരുന്ന രണ്ട് ലക്ഷം ഹെക്ടറിൻറെ തൊണ്ണൂറ് ശതമാനത്തോളം കൈവരിക്കാൻ പദ്ധതിക്ക് സാധിച്ചതായി ഇൻറോഡ് പ്രോജക്ട് ചെയർമാൻ മോഹൻ കുര്യൻ അറിയിച്ചു. ഇതോടെ വരും വർഷങ്ങളിൽ വച്ചുപിടിപ്പിക്കാൻ ലക്ഷ്യമിട്ട മുഴുവൻ സ്ഥലത്തും കൃഷി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ.



ടയർ നിർമ്മാണ മേഖലയും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ആഗോളതലത്തിലെ തന്നെ ആദ്യത്തെ സവിശേഷമായ സംരംഭമാണിത്. അപ്പോളോ ടയേഴ്സ്, സിയറ്റ്, ജെ.കെ ടയർ, എം.ആർ.എഫ് എന്നീ പ്രമുഖ ടയർ കമ്പനികൾ ധനസഹായം നൽകുന്ന ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല റബ്ബർ ബോർഡിനാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 113 ജില്ലകളിലായി 8.3 കോടി മികച്ച റബ്ബർ തൈകളാണ് കർഷകർക്ക് വിതരണം ചെയ്തത്. ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള ചെറുകിടനാമമാത്ര കർഷകരെയും പിന്നാക്ക ജനവിഭാഗങ്ങളെയും ലക്ഷ്യമിട്ട് നീങ്ങിയ പദ്ധതിയിലൂടെ ഇതിനകം രണ്ട് ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ജീവിതോപാധിയും സാമ്പത്തിക പുരോഗതിയും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വടക്കുകിഴക്കൻ മേഖലയിലെ നഴ്സറി ഇൻഫ്രാസ്ട്രക്ചർ നവീകരിക്കാൻ സാധിച്ചതാണ് പദ്ധതിയുടെ പ്രധാന നേട്ടങ്ങളിലൊന്ന്. നിലവിൽ ഇരുന്നൂറിലധികം നഴ്സറികളിലൂടെയാണ് ഉയർന്ന ഉൽപ്പാദനക്ഷമതയുള്ളതും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതുമായ പുതിയ റബ്ബർ ക്ലോണുകൾ കർഷകരിലേക്ക് എത്തിക്കുന്നത്. കൃഷി മികച്ച രീതിയിൽ മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ, റബ്ബർ ഉൽപ്പാദന ക്ഷമതയും കർഷകരുടെ നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനുള്ള അടുത്ത ഘട്ടത്തിലേക്ക് ഇൻറോഡ് പദ്ധതി കടക്കുകയാണ്.

'ഐസ്പീഡ്' എന്ന് പേരിട്ടിരിക്കുന്ന ഈ പുതിയ ഘട്ടത്തിലൂടെ തോട്ടങ്ങളിൽ ആധുനിക സ്മോക്ക് ഹൗസുകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനാണ് മുൻഗണന നൽകുന്നത്. ഇത് കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന ഗുണനിലവാരവും മികച്ച വിലയും ഉറപ്പാക്കാൻ സഹായിക്കും. ഇതിന് പുറമെ ഡിജിറ്റൽ മാധ്യമങ്ങളും നേരിട്ടുള്ള സമ്പർക്കവും സമന്വയിപ്പിച്ചുകൊണ്ട് കർഷകർക്കായി വലിയ തോതിലുള്ള പരിശീലന പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ പുതിയ പഠന സാമഗ്രികൾ ഉടൻ തന്നെ കർഷകരിലേക്ക് എത്തിക്കുമെന്നും അധികൃതർ വ്യക്തമാക്കി.



## ഓക്സിജനിൽ ഹാഫ്ലെ എക്സ്പീരിയൻസ് സ്റ്റുഡിയോ

**കോട്ടയം:** ഓക്സിജൻ ദ് ഡിജിറ്റൽ എക്സ്പേർട്ടിന്റെ കോട്ടയം നാഗമ്പടം ഷോറൂമിൽ ഹാഫ്ലെ കമ്പനിയുടെ കേരളത്തിലെ ആദ്യത്തെ എക്സ്പീരിയൻസ് സ്റ്റുഡിയോ തുറന്നു. ഷെഫ് നളൻ ഷൈൻ ഉദ്ഘാടനം ചെയ്തു.

ഓക്സിജൻ സിഇഒ ഷിജോ കെ. തോമസ്, ഹാഫ്ലെ അപ്ലെയൻസസ് ആൻഡ് ഇകൊമേഴ്സ് വൈസ് പ്രസിഡൻറ് ബാലകൃഷ്ണ പിള്ള, ഓക്സിജൻ പർച്ചേസ് ആൻഡ് ഓപ്പറേഷൻ വൈസ് പ്രസിഡൻറ് പ്രവീൺ പ്രകാശ്, ട്രൈസോൺ മാർക്കറ്റിംഗ് ഡയറക്ടർമാരായ എം.കെ. അനൂപ്, പി. ഷിജു, അബ്ദുൾ ഗഫൂർ, ഹാഫ്ലെ അസിസ്റ്റൻറ് റീജണൽ മാനേജർ എം.ബി. ജാബിൽ, ഹാഫ്ലെ സീനിയർ ഏരിയ മാനേജർ ബോണി ബാബു, ട്രൈസോൺ മാർക്കറ്റിംഗ് സെയിൽസ് ജനറൽ മാനേജർ ഗിരീഷ് ബാബു, ഓക്സിജൻ റീജിണൽ ബിസിനസ് ഹെഡ് ഷാജഹാൻ സിറാജുദ്ദീൻ, സ്മോൾ അപ്ലെയൻസസ് കാറ്റഗറി ഹെഡ് ആർ. ഹരികുമാർ എന്നിവർ പങ്കെടുത്തു.

ഹാഫ്ലെ കമ്പനി ആദ്യമായാണ് ഒരു ഡിജിറ്റൽ ഷോപ്പിൽ സ്റ്റുഡിയോ ഒരുക്കുന്നത്. ഉപഭോക്താക്കൾക്ക് ആധുനിക അടുക്കള ഉപകരണങ്ങൾ നേരിട്ട് കണ്ടറിയാൻ കഴിയും. ആധുനിക അടുക്കള ഉപകരണങ്ങൾ, ബിൽറ്റ്ഇൻ അപ്ലെയൻസുകൾ, സ്മാർട്ട് ഹോം ഉത്പന്നങ്ങൾ എന്നിവയുടെ വിപുലമായ ശ്രേണി സ്റ്റുഡിയോയിൽ ഉപഭോക്താക്കൾക്കായി ക്രമീകരിച്ചിട്ടുണ്ട്.







# വന്ദേ ഭാരതം പദ്ധതിക്ക് മികച്ച പ്രതികരണം

**കൊച്ചി:** രാജ്യത്തെ പുതുതലമുറ സംരംഭകരേയും നൂതന ആശയമുള്ളവരേയും കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് ഗൗതം അദാനി ആരംഭിച്ച വന്ദേ ഭാരതം പദ്ധതിക്ക് രാജ്യമെമ്പാടും മികച്ച സ്വീകാര്യത. രാജ്യത്തെ വിവിധ ഐഐടികൾ, ഐഐഎമ്മുകൾ, എൻഐടികൾ എന്നിവ കേന്ദ്രീകരിച്ച് നടത്തിയ പ്രചാരണ പരിപാടികൾക്ക് പിന്നാലെ നിരവധി അപേക്ഷകളാണ് ലഭിക്കുന്നത്. 10 ദിവസം കൊണ്ട് രാജ്യത്തെ പ്രമുഖ സർവ്വകലാശാലകളിലെയും കോളേജുകളിലേയും 50,000ത്തിലധികം വിദ്യാർത്ഥികളിലേക്ക് ഈ പ്രചാരണ പരിപാടി എത്തി.

കൊച്ചി, ലഖ്നൗ, കാൺപൂർ, ഭുവനേശ്വർ, ബെംഗളൂരു, പട്ന, ഭോപ്പാൽ, ഇൻഡോർ എന്നീ നഗരങ്ങളിലെ 48 പ്രമുഖ ക്യാമ്പസുകളിലാണ് ആദ്യഘട്ട പ്രചാരണം നടന്നത്. സമീപകാലത്ത് ക്യാമ്പസ് തലത്തിൽ ഏറ്റവും കൂടുതൽ ആളുകൾ രജിസ്റ്റർ ചെയ്ത സംരംഭകത്വ പ്രോഗ്രാമുകളിലൊന്നായി വന്ദേ ഭാരതം മാറി. സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആരോഗ്യരംഗം, കൃഷി, വിദ്യാഭ്യാസം, സുസ്ഥിര വികസനം, ഉൽപ്പാദന മേഖല, റീട്ടെയിൽ, ഉപഭോക്തൃ പരിഹാരം തുടങ്ങി ഒട്ടനവധി മേഖലകളിൽ നിന്നുള്ള നൂതനമായ ആശയങ്ങളാണ് ഇതിനകം ലഭിച്ചിട്ടുള്ളത്.

നൂതനമായ ആശയങ്ങൾ ഉള്ളവർ, പ്രോട്ടോടൈപ്പുകൾ തയ്യാറാക്കിയവർ, പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾ നടത്തുന്നവർ, നിലവിൽ വിജയകരമായി ബിസിനസ്സ് ചെയ്യുന്നവർ എന്നിവർക്കെല്ലാം വന്ദേ ഭാരതം പദ്ധതിയിലേക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വിദഗ്ധരുടെ മെന്റർഷിപ്പ്, ഇൻകുബേഷൻ പിന്തുണ, പ്രമുഖ വ്യവസായ പ്രമുഖരുമായി സംവദിക്കാനുള്ള അവസരം എന്നിവ ലഭിക്കും. ഇതിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർ അഹമ്മദാബാദിൽ നടക്കുന്ന ദേശീയ ഫൈനലിലേക്ക് യോഗ്യത നേടും.




## യൂണിയൻ ബാങ്കിന്റെ അറ്റാദായം 29.6% വർധിച്ച് 5,332 കോടി രൂപയായി

**മുംബൈ:** പൊതുമേഖലാ ബാങ്കായ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ 2026 27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 29.6 ശതമാനം വളർച്ചയോടെ 5,332 കോടി രൂപ അറ്റാദായം നേടി. മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ബാങ്കിന്റെ മൊത്തം ബിസിനസ് 7.46 ശതമാനം വർധിച്ച് 23.80 ലക്ഷം കോടി രൂപയിലെത്തി. മൊത്തം വായ്പകൾ 12.5 ശതമാനവും നിക്ഷേപങ്ങൾ 3.5 ശതമാനവും ഉയർന്നു.

അതേസമയം, ബാങ്കിന്റെ മൊത്തം നിഷ്ക്രിയ ആസ്തി (ഗ്രോസ് എൻപിഎ) 2.65 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി (നെറ്റ് എൻപിഎ) 0.47 ശതമാനമായും കുറഞ്ഞു. മൂലധന പര്യാപ്തതാ അനുപാതം (സിആർഎആർ) 18.46 ശതമാനത്തിലെത്തി. റീട്ടെയിൽ, കാർഷിക, എംഎസ്എംഇ (ആർഎഎം) വായ്പകളിലും മികച്ച വളർച്ച രേഖപ്പെടുത്തിയതായി ബാങ്ക് അറിയിച്ചു.

## സപ്ലൈ ചെയിൻ ഫിനാൻസ് ബിസിനസ്സുമായി ഗോദ്റെജ് ക്യാപ്പിറ്റൽ

**കൊച്ചി:** ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ ധനകാര്യ വിഭാഗമായ ഗോദ്റെജ് ക്യാപ്പിറ്റലിന്റെ ഉപസ്ഥാപനമായ ഗോദ്റെജ് ഫിനാൻസ് വഴി പുതിയ സപ്ലൈ ചെയിൻ ഫിനാൻസ് ബിസിനസ്സ് ആരംഭിച്ചു. രാജ്യത്തെ സൂക്ഷ്മചെറുകിടഇടത്തരം സംരംഭങ്ങൾക്ക് വേഗത്തിലും സാങ്കേതികവിദ്യയുടെ സഹായത്തോടെയും പ്രവർത്തന മൂലധനം ലഭ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

അടുത്ത 5 വർഷത്തിനുള്ളിൽ 6,000 കോടി രൂപയുടെ സപ്ലൈ ചെയിൻ ഫിനാൻസ് പോർട്ട്ഫോളിയോ കെട്ടിപ്പടുക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇത് ഗോദ്റെജ് ഫിനാൻസിന്റെ മൊത്തം കൈകാര്യം ചെയ്യുന്ന ആസ്തിയുടെ എട്ട് ശതമാനത്തോളം വരുമെന്നും കമ്പനി വ്യക്തമാക്കി.

നിലവിൽ മുപ്പതിലധികം വലിയ കോർപ്പറേറ്റ് കമ്പനികളുമായി ഗോദ്റെജ് ഇതുമായി ബന്ധപ്പെട്ട് സഹകരിക്കുന്നുണ്ട്.




## എച്ച്പിസിഎൽ പുതിയ കോമ്പോസിറ്റ് എൽപിജി സിലിണ്ടർ എച്ച്പി നവ്യഅവതരിപ്പിച്ചു

**മുംബൈ:** ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്പിസിഎൽ) പുതിയ കോംപോസിറ്റ് എൽപിജി സിലിണ്ടർ ബ്രാൻഡായ 'എച്ച്പി നവ്യ' അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് സിലിണ്ടർ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി ക്വിക്ക് കൊമേഴ്സ് പ്ലാറ്റ്ഫോമായ ഇൻസ്റ്റാമാർട്ടുമായി എച്ച്പിസിഎൽ സഹകരിച്ചതായും കമ്പനി അറിയിച്ചു.

10 കിലോഗ്രാം ഭാരമുള്ള എച്ച്പി നവ്യ കോംപോസിറ്റ് സിലിണ്ടർ ഭാരം കുറഞ്ഞതും തുരുമ്പ് പിടിക്കാത്തതും സുരക്ഷിതവുമാണ്. സുതാര്യമായ ബോഡി രൂപകൽപ്പനയുള്ളതിനാൽ സിലിണ്ടറിലെ ഗ്യാസ് ശേഷിക്കുന്ന അളവ് എളുപ്പത്തിൽ മനസ്സിലാക്കാനാകും. ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്കും ചെറിയ കുടുംബങ്ങൾക്കും വിദ്യാർഥികൾക്കും രണ്ടാമത്തെ എൽപിജി സിലിണ്ടർ ആവശ്യമായ വീടുകൾക്കും ഇത് അനുയോജ്യമാണെന്ന് എച്ച്പിസിഎൽ വ്യക്തമാക്കി.

ബെംഗളൂരുവിൽ പരീക്ഷണാടിസ്ഥാനത്തിൽ സേവനം ആരംഭിക്കുന്ന പദ്ധതി പിന്നീട് രാജ്യത്തെ മറ്റ് നഗരങ്ങളിലേക്കും വ്യാപിപ്പിക്കും. എച്ച്പിസിഎല്ലിന്റെ എൽപിജി വിതരണ ശൃംഖലയും ഇൻസ്റ്റാമാർട്ടിന്റെ ഡിജിറ്റൽ ഡെലിവറി സംവിധാനവും സംയോജിപ്പിക്കുന്ന ഈ സംരംഭം ഉപഭോക്താക്കൾക്ക് സുരക്ഷിതവും വേഗത്തിലുള്ളതുമായ സേവനം ഉറപ്പാക്കുമെന്ന് കമ്പനി അറിയിച്ചു.

## പഴയ സ്വർണത്തിന് ഉയർന്ന മൂല്യം; ജോയ്ആലുക്കാസിൽ ഓൾഡ് ഗോൾഡ് എക്സ്ചേഞ്ച് മേള

**കൊച്ചി:** ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിൽ ഓൾഡ് ഗോൾഡ് എക്സ്ചേഞ്ച് മേളയ്ക്ക് തുടക്കമായി. പഴയ സ്വർണാഭരണ എക്സ്ചേഞ്ചുകൾക്ക് വിപണിയിലെ ഉയർന്ന മൂല്യമാണ് മേളയുടെ ഭാഗമായുള്ളത്. പഴയ സ്വർണാഭരണങ്ങൾ മാറ്റിവാങ്ങുന്ന സമയത്ത് പരമാവധി മൂല്യത്തോടൊപ്പം ഗ്രാമിന് 150 രൂപ അധികമായി ലഭിക്കും. ഓഫർ ഓഗസ്റ്റ് 9വരെ ലഭ്യമാകുമെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് അറിയിച്ചു. വിവാഹ പർച്ചേസ്, ഫെസ്റ്റിവ് ഷോപ്പിംഗ് എന്നിങ്ങനെ വൻതോതിൽ ആഭരണ പർച്ചേസ് നടത്തുന്നവർക്ക് പരമാവധി എക്സ്ചേഞ്ച് മൂല്യം ഉറപ്പാക്കുകയാണ് മേളയിലൂടെ ലക്ഷ്യമിടുന്നത്.

Joyalukkas
World's favourite jeweller

ഉടനടിയുള്ള സാമ്പത്തിക ആവശ്യങ്ങൾക്ക് ഏറെ അനുയോജ്യമെന്ന ആസ്തിയെന്ന നിലയിൽ പഴയ ആഭരണങ്ങൾക്ക് പരമാവധി മൂല്യം ഉറപ്പാക്കാനാണ് ഗ്രാമിന് അധികമായി 150 രൂപ ലഭിക്കുന്ന ഓൾഡ് ഗോൾഡ് എക്സ്ചേഞ്ച് മേള സംഘടിപ്പിക്കുന്നതെന്ന് ജോയ്ആലുക്കാസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ജോയ് ആലുക്കാസ് പറഞ്ഞു.

ജോയ്ആലുക്കാസിന്റെ അതിവിപുലമായ ആഭരണ കളക്ഷനുകൾ സ്വന്തമാക്കാൻ ഉപഭോക്താക്കൾക്ക് മികച്ച അവസരമാണ് ലഭിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരിചയസമ്പന്നരായ ജീവനക്കാരുടെ മേൽനോട്ടത്തിൽ നടത്തുന്ന സുതാര്യവും വിശ്വസനീയവുമായ മൂല്യനിർണയത്തിലൂടെ പഴയ സ്വർണാഭരണങ്ങൾക്ക് ഉയർന്ന മൂല്യം ഉറപ്പാക്കാനാകും. രാജ്യത്തുടനീളമുള്ള ഷോറൂമുകളിൽ ഓഫർ ലഭ്യമായിരിക്കുമെന്നും ജോയ്ആലുക്കാസ് അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com